(ബി) പ്രത്യേക കേന്ദ്ര സഹായപദ്ധതി പ്രകാരമുള്ള തുക ട്രഷറിയിൽ കിടക്കുമ്പോൾ ആയത് യഥാസമയം ലഭ്യമാക്കാൻ കഴിയാതിരുന്ന സാഹചര്യം എന്തായിരുന്നു ; വിശദമാക്കാമോ ;

(സി) പരിശീലന പരിപാടികൾക്ക് പ്രത്യേക കേന്ദ്ര സഹായ പദ്ധതി പ്രകാരം 2014-15-ൽ ലഭിച്ച തുക എത്രയായിരുന്നു ; അതിൽ ഇതിനകം ചെലവഴിച്ചിട്ടുള്ളതെത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2014-15 വർഷത്തെ പ്രത്യേക കേന്ദ്രസഹായ പദ്ധതി പ്രകാരമുള്ള ഫണ്ട് 2225-01-793-99-05-1 water charges എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയത് കാരണം ജില്ലാ കളക്ടർ നിർവ്വഹണ ഉദ്യോഗസ്ഥൻ ആയിട്ടുള്ള പദ്ധതികൾക്ക് ട്രഷറിയിൽ നിന്ന് തുക പിൻവലിക്കാൻ കഴിയാത്ത സാഹചര്യം വരികയും ആ പ്രശ്നം Re-appropriation മുഖേന പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകാത്ത സാഹചര്യം നിലവിൽ ഇല്ല.

(സി) നടപ്പു സാമ്പത്തിക വർഷം എസ്.സി.എ. റ്റു. എസ്.സി.എസ്.പി പദ്ധതിയിൽ പരിശീലന പരിപാടികൾക്കും വരുമാനദായക പദ്ധതികൾക്കുമായി ആകെ 22 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രസ്തുത തുകയിൽ വിവിധ പരിശീലന പരിപാടികൾ ജില്ലാതലത്തിൽ നടപ്പാക്കുന്നതിനായി അനുവദിച്ച തുകയുടെയും ജില്ലകൾ നാളിതുവരെ ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ

278 (975) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ബ്ലോക്കുകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ ഒഴിവുകൾ നിലവിലുണ്ട് ; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) പട്ടികജാതി വികസന ഓഫീസർക്ക് കീഴിൽ ക്ലാർക്ക്, പ്യൂൺ തസ്തികകൾ എത്ര ബ്ലോക്കുകളിൽ നിലവിലുണ്ടെന്ന് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത തസ്തികകൾ ഇല്ലാത്ത ബ്ലോക്കുകളിൽ തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന ഓഫീസർ ഗ്രേഡ്-I തസ്തികയിൽ ഒരു ഒഴിവുണ്ട്. ഒഴിവ് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വകുപ്പിന് കീഴിൽ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ക്ലാർക്ക് തസ്തികയും 73 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്യൺ തസ്തികയും നിലവിലുണ്ട്.

(സി) പരിശോധിച്ചുവരുന്നു.

പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക

279 (976) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷത്തിൽ സംസ്ഥാനത്ത് പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഇതിൽ ഇന്നേവരെ അനുവദിച്ച തുകയും വിനിയോഗിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ ഇനത്തിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വകയിരുത്തിയ തുകയും അനുവദിച്ച തുകയും ഇതേവരെ ചെലവഴിച്ച തുകയും എത്രയാണെന്ന് അറിയിക്കുമോ ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ പട്ടികജാതി വികസന പദ്ധതികളിൽ ഏതെങ്കിലും വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ഇ) പട്ടികജാതി വികസന പദ്ധതികൾക്ക് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷംതന്നെ പൂർണ്ണമായും വിനിയോഗിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly